(ബി) 5% തസ്തികകളാണ് ഇതിലേക്കായി നീക്കിവച്ചിട്ടുള്ളത്. അസിസ്റ്റന്റ് ഗ്രേഡ്-II, സെക്രട്ടേറിയറ്റ്, അഡ്വ: ജനറൽ ഓഫീസ് എറണാകുളം, ഓഡിറ്റർ ഗ്രേഡ്-II, ലോക്കൽ ഫണ്ട് ഓഡിറ്റ് എന്നീ തസ്തികകൾക്കായി 31 അപേക്ഷകരും കൂടാതെ ലീഗൽ അസിസ്റ്റന്റ് തസ്തികയിലേക്ക് 2 പേരും നിയമനം കാത്ത് നിൽപ്പുണ്ട്. (സീനിയോറിറ്റി ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.) †

(സി) അപേക്ഷാ തീയതി 20-3-2002 വരെയുള്ളവർക്കാണ് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുള്ളത്. 21-3-2002 വരെയുള്ള അപേക്ഷകർക്കാണ് ലീഗൽ അസിസ്റ്റന്റായി നിയമനം നൽകിയിട്ടുള്ളത്. ലോക്കൽ ഫണ്ട് ഓഡിറ്റ് ഗ്രേഡ്-II തസ്തികയിൽ 9-8-2002 വരെയുള്ള അപേക്ഷകർക്കും അഡ്വ: ജനറൽ ഓഫീസ് എറണാകുളം അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ 30-4-2003 വരെയുള്ള അപേക്ഷകർക്കുമാണ് നിയമനം നൽകിയിട്ടുള്ളത്.

കേന്ദ്ര സാമ്പത്തിക സഹായം

5 [777] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്ന് എത്ര കോടി രൂപയുടെ സാമ്പത്തിക സഹായം ലഭിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും എത്ര തുക ലഭിച്ചു ;

(സി) ഏതൊക്കെ വകുപ്പുകളാണ് കേന്ദ്ര സഹായം പാഴാക്കിയത് എന്ന് വ്യക്തമാക്കാമോ ; ഇത്തരത്തിൽ ഓരോ വകുപ്പും നഷ്ടപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ വെളിപ്പടുത്തുമോ ;

(ഡി) കേന്ദ്ര സഹായം നഷ്ടപ്പെടുത്തിയ വകുപ്പ് സെക്രട്ടറിമാർക്കും വകുപ്പ് തലവൻമാർക്കും എതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും 2005 ഡിസംബർ വരെ ഗ്രാന്റിനത്തിൽ 1119.45 കോടി രൂപയും വായ്പയിനത്തിൽ 206.60 കോടി രൂപയും ചേർത്ത് മൊത്തം 1326.05 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റിനത്തിൽ 1312.80 കോടി രൂപയും വായ്പയിനത്തിൽ 1306.69 കോടി രൂപയും ചേർത്ത് മൊത്തം 2619.49 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സഹായം പാഴാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly